<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 928 — 30.11.2018-ൽ മറുപടിയ്ക്ക്.

# മായം കലർന്ന ഇതര സംസ്ഥാന പാലിന്റെ പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മായം കലർന്ന പാൽ സംസ്ഥാനാതിർത്തി കടന്ന് ഇപ്പോഴും എത്തുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്നും അതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും മായം കലർന്നതും ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേയ്ക്ക് കൊണ്ട് വരുന്നത് തടയുന്നതിനായി പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ പാൽ പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മായം കലർന്ന പാലിന്റെ സംസ്ഥാനത്തേയ്ക്കുള്ള വരവ് തടയുന്നതിന് ഒരു പരിധി വരെ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. ഇതിന് പുറമേ ചെക്ക് പോസ്റ്റുകളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധന നടത്തുന്നുണ്ട്. ഓണം പോലെയുള്ള ഉത്സവ സമയങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്.<br>സംസ്ഥാനത്ത് മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നീ ചെക്ക്പോസ്റ്റുകളിൽ സ്ഥിരം പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.<br>1. ഡയറി എക്സ്റ്റൻഷൻ ഓഫീസർ-3<br>2. ലാബ്ടെക്നീഷ്യൻ-3<br>3. ലാബ് അസിസ്റ്റന്റ്-3 |

| | |
|---|---|
| (സി) മായം കലർന്ന പാൽ പരിശോധിക്കുന്നതിനുള്ള അവകാശം നിലവിൽ ക്ഷീര വികസന വകുപ്പിനുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അധികാരം വകുപ്പിന് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) മായം കലർന്ന പാൽ പരിശോധിക്കുന്നതിനുള്ള അവകാശം ക്ഷീര വികസന വകുപ്പിനുണ്ട്. എന്നാൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ്. |

**സെക്ഷൻ ഓഫീസർ**